15. പത്തനാപുരം
16. തൊടുപുഴ
17. ദേവികുളം
18. ഉടുമ്പഞ്ചോല
19. പീരുമേട്
20. നെയ്യാറിൻകര
21. നെടുമങ്ങാട്.

(ബി) പുതുതായി താലൂക്കുകൾ ഉൾപ്പെടുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

## സർക്കാർ ജീവനക്കാർക്കുള്ള വൈദ്യസഹായ പദ്ധതി

* 517 [540] ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള വൈദ്യസഹായ പദ്ധതിയനുസരിച്ച് ബില്ലുകൾ പാസാക്കി കിട്ടുവാൻ വളരെയേറെ കാലതാമസമുണ്ടാകുന്നുവെന്ന പരാതി ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) 1977, 1978 എന്നീ വർഷങ്ങളിൽ ഹെൽത്തു സർവീസ് ഡയറക്ടറാഫീസിൽ 'കൗണ്ടർ സൈൻ' ചെയ്യുവാൻ ഇത്തരം എത്ര ബില്ലുകൾ വീതം ലഭിക്കുകയുണ്ടായി?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) വിലമടക്കികൊടുക്കാവുന്ന മരുന്നുകളുടെ ഒരു ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ മരുന്നുകളുടെ 'ബ്രാൻഡ്' നാമം കൂടി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചു വരുന്നു. മെഡിക്കൽ റീഇംബേഴ്സ്മെൻറ് ബില്ലുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകമായി, ഡയറക്ടറാഫീസിൽ മൂന്നു ക്ലാർക്കുമാരുടെ തസ്തിക കൂടി അനുവദിച്ചിട്ടുണ്ട്.

(സി) 1977-ൽ 4,572 ബില്ലുകളും 1978-ൽ 14,015 ബില്ലുകളും കിട്ടിയിട്ടുണ്ട്.

## പഞ്ചായത്ത് മുനിസിപ്പൽ ജീവനക്കാർക്ക് സർക്കാരിൽനിന്നും നേരിട്ട് ശമ്പളം കൊടുക്കണമെന്ന നിർദ്ദേശം

* 518 [543] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് മുനിസിപ്പൽ ജീവനക്കാർക്ക് സർക്കാരിൽ നിന്നും നേരിട്ട് ശമ്പളം കൊടുക്കണമെന്ന് നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ബി) സഹകാര്യമേഖലയിലെ അദ്ധ്യാപകർക്ക് അനുവദിച്ചിട്ടുള്ള ഈ ആനുകൂല്യം ഈ വിഭാഗം ജീവനക്കാർക്കും അനുവദിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഇല്ല.

(ബി) അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. സ്വന്തം വരുമാനമാർഗ്ഗങ്ങളുള്ള സ്വയംഭരണ സ്ഥാപനങ്ങളാണ്.

## സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ദൗർലഭ്യം

* 519 [544] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരും നേഴ്സുമാരും വിദേശങ്ങളിൽ ജോലിക്കു പോകുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് സ്പെഷ്യലിസ്റ്റു ഡോക്ടർമാരുടെയും, പരിചയസമ്പന്നരായ ആശുപത്രി ജീവനക്കാരുടെയും ദൗർലഭ്യം അനുഭവപ്പെടുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ലീവു കൊടുത്തു വിദേശത്തേയ്ക്കു വിടുന്ന ഇന്നത്തെ സമ്പ്രദായം മാറ്റുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) അപൂർവ്വം സ്പെഷ്യലിസ്റ്റു കേസുകളിൽ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. യോഗ്യതയുള്ള ഡോക്ടർമാരേയും, നേഴ്സുമാരേയും പകരം നിയമിക്കാൻ സാദ്ധ്യതയുള്ള സാഹചര്യത്തിൽ മാത്രമേ ഇപ്പോൾ വിദേശത്തേയ്ക്കു പോകാനനുവദിക്കാറുള്ളു.

(ബി) ഇപ്പോൾ തന്നെ വേണ്ടത്ര നിയന്ത്രണങ്ങൾ ഉണ്ട്. ആവശ്യമെന്നു തോന്നുന്നപക്ഷം കൂടുതൽ നിയന്ത്രണം തക്കസമയത്ത് ഏർപ്പെടുത്തുന്നതാണ്.

## ഡ്രഗ്സ് ആൻറ് കോസ്മെറ്റിക്സ് ആക്ട്

* 520 [547] ശ്രീ. പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് നമ്മുടെ സംസ്ഥാനത്ത് ആയുർവ്വേദത്തിനുകൂടി ബാധകമാക്കി നടപ്പിലാക്കിയതു എപ്പോഴാണ്;

(ബി) ഇതു നടപ്പിലാക്കുന്നതിനുമുൻപ് സർക്കാർ നിയമിച്ച വിദഗ്ദ്ധ കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ എന്തെല്ലാം;

(സി) മേൽപറഞ്ഞ കമ്മിറ്റിയുടെ അംഗങ്ങൾ ആരെല്ലാം;

(ഡി) ആയുർവ്വേദത്തിന് പ്രത്യേകം ഡ്രഗ്സ് കൺട്രോൾ വിഭാഗം വേണമെന്ന് സർക്കാരിനു അഭിപ്രായമുണ്ടോ;

(ഇ) ആയുർവ്വേദ ഡ്രഗ്സ് ഇൻസ്പെക്ടർമാരായി നിയമിക്കപ്പെടുന്നതിന് ആയുർവ്വേദ ഡിഗ്രികൂടി സമ്പാദിക്കണമെന്ന് കേന്ദ്ര സർക്കാർ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly